കയർ വ്യവസായ സംഘങ്ങൾ.

263. [19] ശ്രീ. സി. കൊച്ചുകഞ്ഞു : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1953-54-ൽ പുതുതായി എത്ര കയർവ്യവസായ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ടു് ;

(ബി) എവിടെയെല്ലാം ?

ഉത്തരം.

(എ) 1953-54-ൽ 30 കയർ സൊസൈറ്റികൾ രജിസ്റ്റർ ചെയ്തിട്ടുണ്ടു്.

(ബി) * പട്ടിക മേശപ്പുറത്തു് വച്ചിട്ടുണ്ടു്.

നിവേദനം.

264. [22] ശ്രീ. പി. കെ. അബ്ദുൽഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം പട്ടണത്തിൽ ഒരു സ്പോർട്ട്സ്-ഗെയിംസ് സ്റ്റേഡിയം നിർമ്മിക്കേണമെന്നു് ഗവണ്മെൻറിലേക്കു് നിവേദനം കിട്ടിയിട്ടുണ്ടോ ;

(ബി) ഈ കാര്യത്തിൽ എന്തെല്ലാം നടപടികൾ നടത്തിയിട്ടുണ്ടു് ?

ഉത്തരം.

(എ) ഉണ്ടു്.

(ബി) ഗവണ്മെൻറിൻെറ പരിഗണനയിൽ ഇരിക്കുന്നു.

അഡൈ്വസറി കമ്മിറ്റികളുടെ തീരുമാനങ്ങൾ.

265. [23] ശ്രീ. എം. എ. ആൻറണി : താഴെ കാണുന്ന ചോദ്യത്തിനു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കമ്മ്യൂണിറ്റി പ്രോജക്ടുകളിലെ അഡൈ്വസറി കമ്മിറ്റികളുടെ തീരുമാനങ്ങൾ പലതും ഗവണ്മെൻറു് അവഗണിക്കുന്നു എന്നു് പരാതിയുണ്ടോ ?

ഉത്തരം.

ഗവണ്മെൻറിനു് അപ്രകാരം പരാതി ലഭിച്ചിട്ടില്ല.

മരച്ചീനിവ്യവസായ സഹകരണസംഘങ്ങൾ

266. [24] ശ്രീ. എം. എ. ആൻറണി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മരച്ചീനിവ്യവസായ സഹകരണസംഘങ്ങൾ അതിൽ ഷെയർഎടുത്തു് അംഗങ്ങളായി ചേരുന്നവരുടെ മാത്രം മരിച്ചീനി വിലയ്ക്കെടുത്താൽ മതിയെന്നു് ഗവണ്മെൻറു് നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിൻെറ കാരണമെന്തു് ?

* Please see Appendix No. VII.

LIBRARY ARCHIVES Kerala Legislative Assembly